27. ഹോസ്ദുർഗ് നിയോജകമണ്ഡലത്തിലെ കൊന്നക്കാട് കോസ്വേയുടെ പണി

ശ്രീ. കെ.ടി. കുമാരൻ: സർ, കാസർകോഡ് ജില്ലയിൽ ഹോസ്ദുർഗ് നിയോജകമണ്ഡലത്തിൽ വെള്ളരിപഞ്ചായത്തിൽ കാഞ്ഞങ്ങാട് പരപ്പാ റോഡും അതുപോലെ നീലേശ്വരം പരപ്പാറോഡും വെള്ളരിക്കുണ്ട് വഴി കൊന്നക്കാട്ടേക്കാണ് പോകുന്നത്. കൊന്നക്കാട്ടേക്ക് പോകുന്ന റോഡ് ഒരു ഇൻറർ സംസ്ഥാന റോഡാണ്. അയൽ സംസ്ഥാനമായ മൈസൂരുമായി ബന്ധമുള്ള ഒരു റോഡാണ്. ആ റോഡിന് ഇടയ്ക്ക് വെള്ളരിക്കുണ്ടും, കൊന്നക്കാടും രണ്ട് ചെറിയ പുഴകളുണ്ട്. ആ രണ്ടു പുഴകളിലും മഴക്കാലമായാൽ വെള്ളപ്പൊക്കം മൂലം ഒന്നോ രണ്ടോ ആഴ്ച വാഹനഗതാഗതം നിലച്ചുപോകും. അതുകൊണ്ട് അടിയന്തിരമായി ആ രണ്ടു പുഴകൾക്കുമിടയ്ക്ക് ഒരു കോസ്വെ കെട്ടുന്നതിനുവേണ്ടി. കഴിഞ്ഞ 1983–ൽ 9 ലക്ഷം രൂപയുടെ എസ്റ്റിമേറ്റ് തയ്യാറാക്കുകയും വർക്ക് ഓർഡർ ചെയ്യുകയും ചെയ്തു. ആ ഓർഡർ തൽക്കാലം നിറുത്തിവയ്ക്കാൻ ഉത്തരവായതിന്റെ ഫലമായിട്ട് പ്രവർത്തനം നിറുത്തിവച്ചു. ആ കോസ്വെ ഏറെറടുത്ത് നടത്തുന്നതിനാവശ്യമായ നടപടി സ്വീകരിക്കണമെന്ന് വകുപ്പുമന്ത്രിയോട് അപേക്ഷിക്കുന്നു.

ഉപമുഖ്യമന്ത്രി (ശ്രീ. കെ. അവുക്കാദർകുട്ടി നഹ): സർ, ഈ വർക്കിന് കഴിഞ്ഞ 1983–ൽത്തന്നെ ഭരണാനുമതി നൽകിയിട്ടുള്ളതാണ്. അന്നുണ്ടായ പൊതുവായ ഒരു ബാൻ പ്രകാരം ആ വർക്ക് ഏറെറടുക്കാൻ സാധിച്ചില്ല. പിന്നീടുണ്ടായ സാമ്പത്തിക ഞെരുക്കംമൂലവും വർക്ക് ഏറെറടുക്കാൻ സാധിച്ചില്ല. ഇക്കൊല്ലത്തെ ബഡ്ജറിൽ വക കൊള്ളിച്ചിട്ടില്ല. അടുത്ത സാമ്പത്തിക വർഷത്തിൽ ഇതിനാവശ്യമായ തുക കൊള്ളിച്ചുകൊണ്ട് വർക്ക് ഏറെറടുക്കാൻ ശ്രമിക്കുന്നതാണ്.

28. ഇറച്ചിമാടുകളെ കൊണ്ടുവരുന്നതിനു നിരോധനം

ശ്രീ. കെ. കെ. തോമസ്: സർ, എന്റെ നിയോജകമണ്ഡലത്തിൽക്കൂടി കടന്നുപോകുന്ന കെ. കെ. റോഡുവഴി തമിഴ്നാട്ടിൽനിന്ന് ധാരാളം ഇറച്ചി മാടുകളെ കൊണ്ടുവരുന്നുണ്ട്. ഈ അടുത്തകാലത്തായി ഇത് നിരോധിച്ചിരിക്കുന്നു. ഇതുമൂലം, മദ്ധ്യതിരുവിതാംകൂറിലേയും എന്റെ പ്രദേശത്തേയും പ്രധാന ഭക്ഷ്യവസ്തുവായ മാട്ടിറച്ചിക്ക് അതിയായി വില വർദ്ധിച്ചിരിക്കുന്നു. മാടുകളെ കൊണ്ടുവരുന്നതു തടഞ്ഞാൽ തമിഴ്നാട്ടിൽ മാടുകളെ ഇറച്ചിയാക്കി മാറ്റുന്നതിനുള്ള സംസ്കരണ ഫാക്ടറികളുണ്ടാകും. അതോടൊപ്പം കഴുത ഇറച്ചിയും, ആ പ്രദേശത്തെ ആളുകൾ തിന്നേണ്ടതായിവരും. ഇന്ന് റോഡുവഴി കൊണ്ടുവരുന്നതിന് വളരെ സൗകര്യമുണ്ട്. അതുകൊണ്ട് ട്രാഫിക്കിന്റെ പേരിൽ ഏർപ്പെടുത്തിയിരിക്കുന്ന നിരോധനം പിൻവലിക്കണമെന്ന് ഞാൻ ഭയവായി അഭ്യർത്ഥിക്കുകയാണ്.

കൃഷിവകുപ്പു മന്ത്രി (ശ്രീ. എൻ. സുന്ദരൻ നാടാർ): സർ, തമിഴ്നാട്ടിൽനിന്നും കുമിളി റോഡുവഴി ധാരാളം കന്നുകാലികളെ എല്ലാ ദിവസവും പ്രത്യേകിച്ച് വ്യാഴാഴ്ചതോറും കൂട്ടമായി നടത്തിക്കൊണ്ടു വരാ

LIBRARY ARCHIVES Kerala Legislative Assembly

റുണ്ട്. വാഹനഗതാഗതം ചിലപ്പോൾ മണിക്കൂറുകളോളം സ്തംഭിക്കും. തന്നിമിത്തം പൊതുജനങ്ങൾക്ക് അസൗകര്യങ്ങൾ ഉണ്ടാകുന്നതായ് ബോദ്ധ്യപ്പെട്ടതിനാൽ അത് തൽക്കാലത്തേക്ക് സെൻട്രൽ റേഞ്ച് ഡി.ഐ.ജി. തടഞ്ഞത് ശരിയാണ്. അതു ഇപ്പോൾ പിൻവലിച്ചിട്ടുണ്ട്. അതിനെക്കുറിച്ച് യാതൊരു പ്രയാസവുമുണ്ടാകുകയില്ല.

## 29. മാവേലിക്കര ട്രാൻസ്പോർട്ട് ബസ് സ്റ്റേഷന്റെ കെട്ടിടനിർമ്മാണം

ശ്രീ. എസ്. ഗോവിന്ദക്കുറുപ്പ്: സർ, എന്റെ നിയോജകമണ്ഡലമായ മാവേലിക്കര ടൗണിൽ ട്രാൻസ്പോർട്ട് ബസ് സ്റ്റേഷനുവേണ്ടി ഒരു കെട്ടിടത്തിന്റെ പണി ആരംഭിച്ചിട്ട് കുറച്ചധികകാലമായി. അതു പണിഞ്ഞുകൊണ്ടിരുന്ന കോൺട്രാക്ടർക്ക് കാശു കൊടുക്കാത്തതിന്റെ ഫലമായിട്ടോ എന്തു കാരണംകൊണ്ടോ പണി സ്തംഭിച്ചിരിക്കുകയാണ്. ഇപ്പോൾ രണ്ടു ലക്ഷംകൂടി മുടക്കിയാൽ കെട്ടിടത്തിന്റെ പണി പൂർത്തിയാക്കാനും ഉപയോഗപ്രദമാക്കാനും കഴിയും. ഈ രണ്ടു ലക്ഷം രൂപകൂടി മുടക്കുകയും നേരത്തെയുള്ള ബില്ല് കൊടുക്കുകയും ചെയ്താൽ എന്ത് ബദ്ധപ്പെട്ടാണെങ്കിലും ആ പണി പൂർത്തിയാക്കണമെന്ന് അഭ്യർത്ഥിക്കുന്നു. ആ പണി ഏറ്റെടുത്തതിന്റെപേരിൽ ഒരു ചരിത്രമുണ്ട്. അതു ബഹുമാനപ്പെട്ട മന്ത്രിക്കറിയാമെന്ന് ഞാൻ വിശ്വസിക്കുന്നു. അതുകൊണ്ട് ഇത് ഉപയോഗപ്രദമാക്കണമെന്ന് അപേക്ഷിക്കുകയാണ്.

ഗതാഗതവകുപ്പു മന്ത്രി (ശ്രീ. പി. കെ. വേലായുധൻ): സർ, മാവേലിക്കര സബ് ഡിപ്പോയുടെ പണി തുടങ്ങിയത് 17–10–1984ലാണ്. ബഹുമാനപ്പെട്ട ശ്രീ. ഗോവിന്ദക്കുറുപ്പ് സൂചിപ്പിച്ചതുപോലെ പണി ഇപ്പോൾ ഏതാണ്ട് ഉപേക്ഷിച്ച മട്ടിലാണ് നിൽക്കുന്നത്. അതുകൊണ്ട് പണിക്ക് സ്തംഭനമുണ്ടായിട്ടുണ്ട്. എന്നാൽ പണി നിറുത്തിവയ്ക്കണമെന്ന് കെ.എസ്.ആർ.ടി.സി. യിൽനിന്നും നിർദ്ദേശം കൊടുത്തിട്ടില്ല. അതുപോലെതന്നെ കോൺട്രാക്ടർക്ക് ബില്ല് ഡ്യൂസുണ്ട്. കെ.എസ്.ആർ.ടി.സി. യുടെ സാമ്പത്തികപരിമിതി മൂലം മാവേലിക്കരയിലും പണി നടന്നുകൊണ്ടിരുന്ന പല സ്ഥലങ്ങളിലും ഡ്യൂസുണ്ടായിട്ടുണ്ട്. ഏതായിരുന്നാലും ഇക്കാര്യം സജീവമായി പരിഗണിക്കുന്നതാണ്.

## 30. വടക്കാഞ്ചേരി റെയിൽവേ ഓവർ ബ്രിഡ്ജിന്റെ പണി

ശ്രീ. കെ.എസ്. നാരായണൻ നമ്പൂതിരി: സർ, തൃശ്ശൂർ–ഷൊർണ്ണൂർ റോഡ് പാലക്കാട്, കോഴിക്കോട് പ്രദേശത്തേക്ക് പോകേണ്ട ഒരു പ്രധാനപ്പെട്ട റോഡാണ്. അതിൽ വടക്കാഞ്ചേരി ടൗണിന്റെ മദ്ധ്യത്തിൽ ഒരു റെയിൽവേ ഓവർബ്രിഡ്ജിന്റെ പണിക്ക് ബഡ്ജറ്റിൽ തുക കൊള്ളിച്ചിട്ട് കാലങ്ങൾ കുറെയായി. ഇതുവരെ അതു നടപ്പിൽ വന്നിട്ടില്ല. ഡബിൾ ലൈൻ വന്നതോടുകൂടി വണ്ടികൾ ഒന്നു പോയാലും അടുത്തവണ്ടി വരുന്നതുവരെ ലെവൽക്രോസ് അടച്ചിടുകയാണ്. അതുകൊണ്ട് അവിടത്തെ ഏറ്റവും വിഷമകരമായ സ്ഥിതി പരിഗണിച്ച് മുൻകാലങ്ങളിൽ കൊള്ളിച്ച പണി ഉടൻ ഏറ്റെടുത്ത് അവിടെ ഒരു ഓവർ ബ്രിഡ്ജ് ഉടനടി പണിയണമെന്ന് അഭ്യർത്ഥിക്കുകയാണ്.

LIBRARY ARCHIVES Kerala Legislative Assembly